5. <u>ആക്ടിന് വിരുദ്ധമായ വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച്</u>

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഞാൻ കേരള ഫിനാൻഷ്യൽ ബിൽ 2021 പരിശോധിച്ചപ്പോൾ അതിനകത്ത് പറഞ്ഞിരിക്കുന്നത് Save as otherwise provided in this Act, Section 8 shall come into force on such date as the Government may, by notification in the official Gazette, appoint:

Provided that different dates may be appointed for different provisions of this section and any reference in any such provision to the commencement of this Act shall be construed as a reference to the coming into force of that provision. അതായത് ഈ കൊണ്ടുവരുന്ന ബില്ലിൽ സെക്ഷൻ (8) ഗവൺമെന്റ് തീരുമാനിക്കുന്ന ഡേറ്റുകളിൽ പ്രാബല്യത്തിൽ വരുമെന്നാണ്. ഇത് കൊണ്ടുവന്നിരിക്കുന്നത് നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ കേരള പ്രൊവിഷണൽ കളക്ഷൻസ് ഓഫ് റവന്യൂ ആക്ട് 1985 പ്രകാരമാണ്. അതിന്റെ Sections 3 and 4-ൽ, സെക്ഷൻ 3-ൽ <u>Power to make declarations under this Act:</u> Where a Bill to be introduced in the Legislative Assembly on behalf of the Government provides for the imposition or increase of any tax, duty, cess, fee or other revenue, the Government may cause to be inserted in the Bill a declaration that it is expedient in the public interest that any

provision of the Bill relating to such imposition or increase shall have effect from the 1st day of April following the date of introduction of the Bill or shall have immediate effect from the date of introduction of the Bill. അതുതന്നെ വീണ്ടും അതിന്റെ effect പറയുകയാണ്. Effect of declarations under this Act and duration thereof: A declared provision shall have the force of law on the 1st day of April following the date on which the Bill containing it is introduced in the Legislative Assembly or on the date on which the Bill containing it is introduced in the Legislative Assembly, as the case may be. ഇങ്ങനെയായിരിക്കെ സെക്ഷൻ (8)-ന് ഏത് ദിവസം വേണമെങ്കിലും നിയമസാധുതയുണ്ടാകാമെന്നുള്ള നിലയ്ക്ക് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത് ആക്ടിന് വിരുദ്ധമാണെന്നതുകൊണ്ട് ആയതിന് വിരുദ്ധമായിട്ടുള്ള ഒരു പ്രൊവിഷൻ ആ ബില്ലിൽ കൊണ്ടുവന്നാൽ അത് നിലനിൽക്കില്ലായെന്നുള്ളതുകൊണ്ട് ബില്ലിന്റെ അവതരണാനുമതി നിഷേധിക്കണം അല്ലെങ്കിൽ അത് ശരിയാകണമെന്നതിനെ സംബന്ധിച്ചാണ് റൂളിംഗ് വേണ്ടത്. ഞാൻ അത് ഇനി ക്ലാരിഫൈ ചെയ്യേണ്ടതുണ്ടെങ്കിൽ ഇതിന്റെ ഡിക്ലറേഷനിലും പേജ് 12-ൽ It is hereby declared that it is expedient in the public interest that all the provisions of this Bill except the provisions of

clause 8 shall have effect on and from the date of introduction of the Bill in the Kerala Legislative Assembly under the Kerala Provisional Collection of Revenues Act, 1985 എന്നാണ് പറയുന്നത്. അതായത് ഒന്നുകിൽ ഇന്ന് മുതൽ അല്ലെങ്കിൽ അടുത്ത ഏപ്രിൽ ഒന്ന് മുതൽ എന്നാണ് പറയുന്നത്. ആക്ടിന്റെ വ്യവസ്ഥ അതാണെന്നിരിക്കെ clause 8-ന് സർക്കാർ തീരുമാനിക്കുന്ന ദിനങ്ങളിൽ പ്രാബല്യമുണ്ടാകുമെന്ന് പറയുന്നത് ആക്ടിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണെന്നുള്ളതാണ് ഞാൻ പറയുന്നത്.